**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1907** **05-07-2022 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുണമേന്മയുള്ള ഇറച്ചി ലഭിക്കുന്നതിനുള്ള കേരള ചിക്കൻ പദ്ധതി ഏതൊക്കെ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; അറിയിക്കാമോ; | (എ) | കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി പാലക്കാട്, കാസർഗോഡ്, വയനാട്, കണ്ണൂർ, കോട്ടയം, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം ജില്ലകളിൽ ബ്രോയിലർ റിയറിങ് ഫാമുകൾ സ്ഥാപിച്ചു. |
| (ബി) | മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ബ്രോയിലർ ബ്രീഡിങ് ഫാമുകൾ ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ബ്രീഡിങ് ഫാമുകൾ ആരംഭിക്കുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലെ കർഷകർക്കും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ സാധിക്കുന്നതു വഴി ടി പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ കഴിയും. |
| (സി) | സംസ്ഥാനത്ത് മുഴുവൻ പഞ്ചായത്തുകളിലും കേരള ചിക്കൻ ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ